(ഇ) ഇതിൽനിന്നുള്ള എന്തു തുക ചെലവഴിച്ചു ;

(എഫ്) വ്യവസായ നയത്തിൽ പ്രഖ്യാപിച്ച പ്രകാരമുള്ള മുതൽ മുടക്കും വളർച്ചാ നിരക്കും ഉണ്ടാക്കുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാഗോപാലൻ) :

(എ) 1998 നവംബർ 10-ാം തീയതിയാണ് ഈ സർക്കാർ വ്യവസായ നയം പ്രഖ്യാപിച്ചത്.

(ബി) വർദ്ധിച്ച മുതൽ മുടക്കും, തൊഴിൽ സാദ്ധ്യതകളും 9% വളർച്ചാ നിരക്കുമാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും വിപണന സഹായം നൽകാനും പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കാനും പരമ്പരാഗത വ്യവസായ മേഖലകളെ ശക്തിപ്പെടുത്താനും സംരംഭകത്വം വളർത്താനും ആധുനികവൽക്കരണം നടത്താനും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

(ഡി) 372.66 കോടി രൂപ

(ഇ) 307.78 കോടി രൂപ

(എഫ്) ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്.

(ജി) വർഷം	ചെറുകിട വ്യവസായങ്ങൾ	വളർച്ച നിരക്ക്	തൊഴിലവ സരങ്ങൾ	വളർച്ചാ നിരക്ക്	മുതൽ മുടക്ക്	വളർച്ചാ നിരക്ക്
1998-99	19736	0.97	71632	1.95	302.10	29.52
1999-2000	20006	1.37	72042	0.57	397.53	31.59
2000-2001 (31-1-01 വരെ)	17070		63520		368.37	
ആകെ	56812		207194		1068.00	

ഡി.പി.ഇ.പി. സംബന്ധിച്ച് ലോക ബാങ്കുമായുള്ള കരാർ

13 (*103) ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. ബാബു :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഡി.പി.ഇ.പി. സംബന്ധിച്ച് ലോക ബാങ്കുമായും അതിന്റെ കൺസൾട്ടിംഗ് സർവ്വീസായ എഡിസിൽ ലിമിറ്റഡ് കമ്പനിയുമായും ഈ ഗവൺമെന്റ് എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം ;

(സി) ഈ കരാറുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം ;

(ഡി) ഈ കരാറിന്റെ കാലാവധി എന്ന് അവസാനിക്കും ;

(ഇ) ഈ കരാറിൽ നിന്ന് പിൻവാങ്ങുവാനുള്ള ഉപാധികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) :

(എ) ഡി.പി.ഇ.പി. സംബന്ധിച്ച് ലോക ബാങ്കിന്റെ ഭാഗമായ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് അസോസിയേഷനുമായി (ഐ.ഡി.എ) കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാന സർക്കാരുകളോടൊപ്പം കേരള സർക്കാരും രണ്ടു കരാറുകളിൽ ഒപ്പു വച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണം മുൻ സർക്കാരിന്റെ കാലത്തും മറ്റൊന്ന് ഈ സർക്കാരിന്റെ കാലത്തുമാണ് ഒപ്പു വച്ചിട്ടുള്ളത്. എഡിസിൽ അഥവാ എഡ്യൂക്കേഷൻ കൺസൾട്ടൻസി ഇൻഡ്യാ ലിമിറ്റഡ് എന്നത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ സ്ഥാപനവുമായി യാതൊരു കരാറിലും സംസ്ഥാന സർക്കാർ ഏർപ്പെട്ടിട്ടില്ല.

(ബി) ഐ.ഡി.എ.യുമായുള്ള ക്രെഡിറ്റ് എഗ്രിമെന്റിലെ പൊതുവായ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ക്രെഡിറ്റ് എഗ്രിമെന്റിൽ പറയുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു മാത്രമേ വായ്പ വിനിയോഗിക്കാവൂ;

2. വായ്പ തുക 2006-ൽ തുടങ്ങി 2031 നകം കേന്ദ്ര സർക്കാർ തിരിച്ചടയ്ക്കണം;

3. വായ്പയുടെ ഒരു ശതമാനത്തിന്റെ നാലിൽ മൂന്ന് (വാർഷിക) സർവ്വീസ് ചാർജ്ജ് നൽകണം;

4. കൂടാതെ കൈപ്പറ്റാത്ത വായ്പയ്ക്ക് അസോസിയേഷൻ നിശ്ചയിക്കുന്ന തോതിൽ കമ്മിറ്റ്മെന്റ് ചാർജ്ജ് നൽകണം. ഇത് തുകയുടെ ഒരു ശതമാനത്തിന്റെ (വാർഷികം) പകുതിയിൽ കൂടുവാൻ പാടില്ല;

(സി) ഇതുമൂലമുണ്ടായ പ്രധാനപ്പെട്ട നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. പദ്ധതി ജില്ലകളിലെ എല്ലാ പ്രൈമറി അദ്ധ്യാപകർക്കും നിരന്തര പരിശീലനം നൽകാൻ കഴിഞ്ഞു;

2. കുട്ടികൾക്കും അദ്ധ്യാപകർക്കും പഠന-സാധന സാമഗ്രികൾ നൽകി;

3. പ്രൈമറി വിദ്യാഭ്യാസ ആസൂത്രണവും മാനേജ്മെന്റും മെച്ചപ്പെടുത്തി;

4. പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ അതത് രംഗത്ത് ഗവേഷണം നടത്തി പോരായ്മകൾ കണ്ടറിഞ്ഞ് പരിഹാരം കണ്ടെത്താൻ കഴിഞ്ഞു;

5. ഡയറ്റ്, എസ്ബിഇആർസി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തി;

6. പുതിയ പാഠ്യപദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സഹായിച്ചു;

7. ശിശു വിദ്യാഭ്യാസത്തിന് പുതിയ ദിശാബോധമുണ്ടായി. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പരിശീലനവും സഹായവും നൽകി;

8. ബോധവൽക്കരണത്തിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും കൊഴിഞ്ഞുപോക്കിന്റെ തോത് കുറച്ചു;

9. സ്ഥലസൗകര്യമില്ലായിരുന്ന സ്കൂളുകൾക്ക് പുതിയ കെട്ടിടം പണിതു, കൂടുതലായി ക്ലാസ്മുറികൾ, ഇടച്ചുവരുകൾ, എന്നിവയും നിർമ്മിച്ചു. കൂടാതെ പഠനോപകരണങ്ങൾ, കുടിവെള്ളം, ടോയ്ലറ്റ്, കോമ്പൗണ്ട് വാൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി;

10. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സ്കൂളുകളില്ലാതിരുന്ന സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ തുടങ്ങുവാൻ സാധിച്ചു;

11. നിയമാനുസൃതം സ്കൂൾ തുടങ്ങുന്നതിന് വേണ്ടത്ര കുട്ടികളില്ലാതിരുന്ന കടലോര/ തീരദേശ/തോട്ടം തൊഴിലാളി മേഖലകളിൽ കുട്ടികളുടെ പഠനത്തിനായി ബദൽ സംവിധാനമെന്ന നിലയ്ക്ക് ഭിന്നതല പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചു;

12. പലവിധ ശാരീരിക വൈകല്യമുള്ള കുട്ടികൾക്കു വേണ്ടി സംയോജിത വിദ്യാഭ്യാസം ഏർപ്പെടുത്തി;

LIBRARY ARCHIVES Kerala Legislative Assembly

13. പുതിയ സാങ്കേതിക വിദ്യയിലൂടെ വിദൂര വിദ്യാഭ്യാസം ഏർപ്പെടുത്തി;

14. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേകം അദ്ധ്യാപക പരിശീലനം നൽകി;

15. പ്രൈമറി വിദ്യാഭ്യാസരംഗം കൂടുതൽ സുതാര്യമാക്കി.

(ഡി) പദ്ധതിയുടെ ഒന്നാം ഘട്ടം 30-9-2001 നും രണ്ടാം ഘട്ടം 31-12-2002-ലും അവസാനിക്കും.

(ഇ) ഈ കരാറിൽ കടബാദ്ധ്യത കേന്ദ്രസർക്കാരിനാണ്. ലോകബാങ്കിന് മുൻകൂർ നോട്ടീസ് നൽകി കരാറിൽ നിന്നും പിൻവാങ്ങാവുന്നതാണ്.

വിവര-ജൈവ സാങ്കേതിക വിദ്യാഭ്യാസ സാദ്ധ്യതകൾ

14 (*104) ശ്രീ. പി. കെ. കുമാരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവര-ജൈവ സാങ്കേതിക വിദ്യാരംഗങ്ങളിലെ വിദ്യാഭ്യാസ സാദ്ധ്യതകൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവര-ജൈവ സാങ്കേതിക വിദ്യാ പഠനം സഹായകമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പദ്ധതിയ്ക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി, മൈക്രോ ബയോളജി എന്നീ വിഷയങ്ങളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(എഫ്) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത കോഴ്സുകൾ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ കീഴിൽ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് വിവര-ജൈവ സാങ്കേതിക വിദ്യയുടെ പഠന സാദ്ധ്യതകൾ കൂടുതൽ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly